# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2098** — **20.01.2021-ൽ മറുപടിയ്ക്ക്**

## സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഐ.സി. ബാലകൃഷ്ണൻ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| **എ)** | കോവിഡ് ബാധിതരെ ചികിത്സിക്കുന്നതിന് നിലവിൽ എത്ര സ്വകാര്യ ആശുപത്രികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; | **എ)** | കോവിഡ് ബാധിതരെ ചികിത്സിക്കുന്നതിന് നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ 95 ആശുപത്രികളാണ് എംപാനൽ ചെയ്തിട്ടുള്ളത്. |
| **ബി)** | ഈ സ്വകാര്യ ആശുപത്രികളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള കോവിഡ് ചികിത്സ നിരക്ക് എത്രയാണെന്ന് അറിയിക്കുമോ; | **ബി)** | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കോവിഡ് ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രിയിൽ ഒരു ദിവസത്തേക്കുള്ള ചികിത്സാ നിരക്ക് താഴെപ്പറയുംപ്രകാരമാണ് .<br>General Ward – Rs. 2300/-, HDU – Rs. 3300/-, ICU without ventilator - Rs. 6500/-, ICU with ventilator – Rs. 11,500 |
| **സി)** | നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും പല സ്വകാര്യ ആശുപത്രികളും അമിത നിരക്ക് ഈടാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് ഇടപെടലുകളാണ് നടത്തിയതെന്ന് പറയാമോ; | **സി) യും ഡി) യും** | ഉണ്ട്. അപ്രകാരം ലഭിച്ച പരാതികളിൽ തുടർ നടപടി സ്വീകരിക്കുന്നതിനായി പരാതികളുടെ പകർപ്പ് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. |
| **ഡി)** | കോവിഡ് ബാധിതരെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുമ്പോൾ 30000 മുതൽ 50000 രൂപ വരെ സ്വകാര്യ ആശുപത്രികൾ മുൻകൂറായി ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**